# പ്രകൃതിപാഠങ്ങൾ

# ഉള്ളടക്കം


| | |
|---|---|
| | |
| 1 .    പ്രകൃതി ..... നാം മറന്ന നന്മ | -   03 |
| | |
| 2 .    മനുഷ്യനായി ഞാൻ | -   04 |
| | |
| 3 .    നന്മ മരം | -   05 |
| | |
| 4 .    തത്തമ്മ | -   06 |

# പ്രകൃതി..നാം മറന്ന നന്മ

മുറ്റത്ത്ആർത്തലച്ച് പെയ്യുന്ന മഴ. കൊറോണപ്പേടിയിൽ വീട്ടിൽ അടച്ചുപൂട്ടി ഇരിക്കുമ്പോഴും മനസ്സ് മഴയെ പോലെ തുള്ളി ചാടുന്നു. വീശി അടിക്കുന്ന കാറ്റിനെ കൂട്ടുപിടിച്ച് ആനന്ദത്തേരിൽ വന്നിറങ്ങിയ മഴ പെണ്ണിന് എന്ത് ചന്തമാണ്! മുറ്റത്തെ നാട്ടുമാവിലെ തളിരിലകളിലും മുത്തശ്ശി വീടിന്റെ തുളസിത്തറയിലും കുസൃതിയോടെ ചിരി തൂകി നിൽക്കുന്ന എന്റെ പ്രിയ കൂട്ടുകാരി!ഇന്നിപ്പോൾ അവൾ വന്ന് വിളിച്ചിട്ടും



പോകാൻ കഴിയാതെ ജനലോരം അവളെയും നോക്കി ഞാൻ നിന്നു. ഓർമ്മകളിൽ ഇന്നലെ വരെയുള്ള ദിനങ്ങൾ കൺമുന്നിലൂടെ മിന്നി മാഞ്ഞു. സമയത്തെയും കാലത്തെയും ഓടിത്തോൽപ്പിക്കാൻ മത്സരിക്കുന്ന മനുഷ്യർ. പ്രകൃതിയുടെ ചൂടും ചൂരും മണവും തണുപ്പും ഒന്നും തൊട്ടറിയാതെ എ സി കാറുകളിൽ നിന്നും എ സി റൂമുകളിലേക്കും തിരിച്ചും ജീവിതം തീറെഴുതി കൊടുത്തവർ. പെറ്റു വീഴുന്ന കുഞ്ഞുങ്ങൾക്കു പോലും പ്രകൃതിയെന്ന പോറ്റമ്മയുടെ വാത്സല്യം നിഷേധിച്ചവർ! പെട്ടന്നാണ് എന്റെ ഓർമ്മകളെ മുറിച്ചു കൊണ്ട് ഒരു ശബ്ദം കേട്ടത്. നോക്കിയപ്പോൾമഴക്കാലത്തെ അതിഥികളിലൊരാൾ അതാ ഹാജർ! എന്റെയുള്ളിൽ ഒരു കുസൃതിച്ചോദ്യം മുളപൊട്ടി. എന്തേ തവളച്ചാരേ? നിനക്കില്ലേ തൂവാലയും മാസ്കുമൊന്നും? മറുപടിയെന്നോണം തവളച്ചാർ ഒന്നു കുറുകി. പിന്നെ മുറ്റത്തേക്ക് തുള്ളിച്ചാടി എങ്ങോ പോയി.ഞാനെന്റെ ഓർമ്മകളെ വീണ്ടും കൂട്ടുപിടിച്ചു. ഒരു നിമിഷം!എന്റെ കാതുകളിൽ ആരവങ്ങളും ആർപ്പുവിളികളും, ആർത്തനാദങ്ങളും ഇരച്ചു കയറിക്കൊണ്ടിരുന്നു. എന്താണത്? യുദ്ധങ്ങൾ, വാഗ്വാദങ്ങൾ, വെല്ലുവിളികൾ, സമരങ്ങൾ.... അങ്ങനെയങ്ങനെ എന്തെല്ലാം. പതിയെപ്പതിയെ എന്റെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു.ശരിയാണ്!!മാസ് കും തൂവാലയുമെല്ലാം ഒരു ഓർമ്മപ്പെടുത്തലാണ്.... രോഗങ്ങൾ അകറ്റാൻ മാത്രമല്ല എന്ന ഒരു ചെറിയ ഓർമ്മപ്പെടുത്തൽ..

അഭിനവ് വിനോദ്

5 C , ക്രിസ്തുരാജ് . എച്ച് . എസ് . എസ് . കൊല്ലം

# മനുഷ്യനായി ഞാൻ

മതമെവിടെ മനുഷ്യരെ മത പ്രവാചകരെവിടെ
കല്ലിലും ചെളിയിലും ശിൽപ്പങ്ങൾ തീർത്തിട്ട്
പൂജ ചെയ്യും പൂജാരിയെവിടെ
പല നിറമുള്ള കൊടികൾ തൻ കീഴിൽ
പടവെട്ടി വീണ മനുഷ്യനിന്ന്
നിപ്പയും പ്രളയവും പഠിപ്പിച്ച പാഠങ്ങൾ
ഒരു കനലുപോലിന്നും മനസ്സിനുള്ളിൽ
തളരില്ല വീഴില്ല മനുഷ്യനായി മാറി ഞാൻ
ഒരു മനസ്സായെന്നും കൂടെ നിൽക്കും
അരികത്തു നിൽക്കാതെ അകലങ്ങൾ പാലിച്ച്
വ്യാധിയെ നമുക്കിന്ന് അകറ്റി നിർത്താം



ആദർശ് . ആർ
4 A കെ വി എസ് എൻ ഡി പി യു പി എസ് ഉളിയക്കോവിൽ

# നൻമ മരം

വർഷങ്ങൾക്ക് മുൻപ് ഒരു ഗ്രാമം ഉണ്ടായിരുന്നു. പുഴകളും വൃക്ഷങ്ങളും മലകളും നിറഞ്ഞ അതി മനോഹരമായ ഗ്രാമം. ഗ്രാമത്തിൽ നിറയെ മരങ്ങൾ ഉണ്ടായിട്ടും അവിടെയുള്ള മുതിർന്ന പുരുഷന്മാർ വർഷം തോറും ഓരോ ആൽമരം നട്ട് വളർത്തുന്നു. ആദ്യം നട്ട ആൽമരത്തെ അവർ ആരാധിച്ചിരുന്നു. ചെറു പ്രാണികളുടേയും പക്ഷികളുടേയും വാസസ്ഥലം ആ ആൽമരമായി മാറി. പ്രകൃതിയെ ദ്രോഹിക്കാത്ത ഗ്രാമവാസികൾ ആയിരുന്നു അവർ. മരത്തിന്റെ ചുവട്ടിൽ ഇരുന്ന് കൊച്ചു വർത്തമാനം പറയുമായിരുന്നു ആ ഗ്രാമത്തിലെ ആളുകൾ. മരത്തിന് ചുറ്റും ഓടുന്നതാണ്



കുട്ടികളുടെ  വിനോദം . കൊച്ചു കൊച്ചു സന്തോഷങ്ങളിലൂടെ ആ ഗ്രാമം കടന്നു പോയി. തലമുറകൾ കടന്നു പോയി. പ്രകൃതിയെ സ്നേഹിക്കാൻ അറിയാത്ത മനുഷ്യർ ആ ഗ്രാമത്തിൽ ഉണ്ടായി. മനോഹരമായ ആ ഗ്രാമത്തെ അവിടെയുള്ള മനുഷ്യർ നശിപ്പിക്കാൻ തുടങ്ങി. മരങ്ങൾ വെട്ടി നശിപ്പിച്ച് വലിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ തുടങ്ങി. ആദ്യമായി നട്ട ആൽമരത്തേയും അവർ വെട്ടി നശിപ്പിക്കാൻ തുടങ്ങി. അപ്പോൾ അവിടെയുള്ള മുതിർന്ന പുരുഷന്മാർ സമ്മതിച്ചില്ല. പക്ഷേ അവരുടെ വാക്ക് കേൾക്കാതെ അൽ മരവും വെട്ടി നശിപ്പിച്ചു. അതോടെ ആ ഗ്രാമത്തിന്റെ കഷ്ടകാലം തുടങ്ങി. കിണറുകളും പുഴകളും നീർച്ചാലുകളും വറ്റി വരണ്ടു. അവസാനം ആ ഗ്രാമവാസികൾ ഒരു തുള്ളി ജലത്തിനു വേണ്ടി മറ്റ് ഗ്രാമങ്ങളെ ആശ്രയിക്കേണ്ടി വന്നു. ഒടുവിൽ ആ ഗ്രാമം നശിച്ചു. ഒരു ചെറിയ പുല്ലു പോലും ആ ഗ്രാമത്തിൽ മുളച്ചില്ല. മരുഭൂമി പോലെ ആയി ആ ഗ്രാമം.

അതുല്യ അനിൽ.എസ്

6 B എൻ.എസ്സ്.എസ്സ്. യു.പി.സ്കൂൾ മുഖത്തല




മുഹമ്മദ് ഇഹാൻ . സി

1 A